## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട — 16-05-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 439

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ :<br>ശ്രീ. ബി. സത്യൻ :<br>ശ്രീ. കെ. ആൻസലൻ :<br>ശ്രീ. ജോൺ ഫെർണാണ്ടസ് : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തിന് അനിവാര്യമായ എന്തെല്ലാം തുറമുഖ ബാഹ്യ അടിസ്ഥാന സൗകര്യ വികസനമാണ് ആവശ്യമാ കുന്നതെന്നും അതിനായി സർക്കാർ നടത്തേണ്ട പ്രവർത്തന ങ്ങളും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ ; | (എ) വിഴിഞ്ഞം തുറമുഖത്തെ ദേശീയ പാത 66 ഉം ആയി ബന്ധിപ്പിക്കുന്ന നാല് വരി റോഡ് നിർമ്മിക്കേണ്ടതുണ്ട്. ഇതിന്റെ നിർമ്മാണ ചുമതല സ്വകാര്യ പങ്കാളിക്കാണ്. ഇതിലേക്കാവശ്യമായ ഭൂമിയെറ്റെടുത്ത് സ്വകാര്യ പങ്കാളിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം - നാഗർകോവിൽ റെയിൽ പാതയെ തുറമുഖവുമായി ബന്ധിപ്പിക്കുന്ന 12 കി മീ നീളമുള്ള റെയിൽപാതയുടെ നിർമ്മാണത്തിന് കേന്ദ്ര പൊതു മേഖല സ്ഥാപനമായ റെയിൽ വികാസ് നിഗം ലിമിറ്റഡ് (RVNL) മായി ധാരണപത്രം ഒപ്പുവച്ചിട്ടുണ്ട്. ആർ വി എൻ എൽ, പദ്ധതിക്കായുള്ള വിശദ പഠനറിപ്പോർട്ട് തയ്യാറാക്കി റെയിൽ മന്ത്രാലയത്തിന്റെ അംഗീകാര ത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഭൂമിയെറ്റെടുക്കൽ നടപടി ആരംഭിക്കുന്ന താണ്.<br><br>തുറമുഖ ആവശ്യത്തിനായുള്ള 11 കെ.വി യുടെ രണ്ടു വൈദ്യുതി കേബിളുകൾ പൂവാർ 33 കെ.വി സബ് സ്റ്റേഷനിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖ പ്രവർത്തനത്തിനാവശ്യത്തിനുള്ള 220 കെ.വി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കൂടാതെ സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതി പ്രദേശത്ത് 3.3 എം.എൽ.ഡി ശേഷിയുള്ള ജല ശുദ്ധീകരണ പ്ലാന്റ് പ്രവർത്തന മാരംഭിച്ച് പ്രദേശവാസികൾക്ക് ജല വിതരണം നടത്തിവരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | തുറമുഖ പദ്ധതിക്ക് ആവശ്യ മായ സ്ഥലം യഥാസമയം ഏറ്റെടുത്തു നൽകിയില്ലെ ങ്കിൽ കൺസഷണർക്ക് സർക്കാർ നഷ്ടപരിഹാരം നൽകേണ്ട വ്യവസ്ഥ യുണ്ടോ ; | (ബി) | പദ്ധതിക്കാവശ്യമായ സ്ഥലം യഥാസമയം ഏറ്റെടുത്തു നൽകിയില്ലെങ്കിൽ ചതുരശ്ര മീറ്ററിന് ദിനംപ്രതി 2/- രൂപ നിരക്കിൽ നഷ്ടപരിഹാരം നൽകണം എന്ന വ്യവസ്ഥയുണ്ട്. |
| (സി) | പദ്ധതിയുടെ സമയരേഖ പ്രകാരം തന്നെ കൺസഷണർ പ്രവൃത്തി പൂർത്തിയാക്കു ന്നുണ്ടോയെന്ന് പറയാമോ ? | (സി) | പദ്ധതിയുടെ സമയരേഖ പ്രകാരം തന്നെ കൺസഷണർ പ്രവൃത്തി പൂർത്തിയാക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ